<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5040</u> <u>20-07-2022 - ൽ മറുപടിയ്ക്ക്</u>

<u>മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ 2022 ജൂൺ 30 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ എത്ര തുകയാണ് ലഭ്യമായത്; വിശദാംശം നൽകുമോ; | (എ) | 2022 ജൂൺ 30 വരെ 1,61,00,410 / - (ഒരു കോടി അറുപത്തിയൊന്നു ലക്ഷത്തി നാനൂറ്റി പത്ത് രൂപ മാത്രം ) രൂപ, മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ ബാക്കിയുണ്ട്. |
| (ബി) | ജില്ലയിലെ ആർ.എം.എഫ്.- ൽ നിന്നും തുക അനുവദിക്കുവാനുള്ള എത്ര പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി 22 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ, ജില്ലാ വിദഗ്ധ സമിതി പരിശോധിച്ച് ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദേശിച്ച് കൊണ്ട് തിരികെ നല്കിയിട്ടുള്ളതാണ്. നിലവിൽ പ്രൊപ്പോസലുകൾക്കൊന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | മലപ്പുറം ജില്ലയിൽ നിന്നും ലഭിക്കുന്ന ഫണ്ട് മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ; കൂടുതൽ പ്രോജക്ടുകളും ജനസംഖ്യയുമുള്ള ജില്ലയിൽ നിന്നും ലഭിക്കുന്ന ഫണ്ട് പ്രസ്തുത ജില്ലയിൽ തന്നെ ചെലവഴിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നിലവിൽ മലപ്പുറം ജില്ലയിൽ നിന്നും ലഭിക്കുന്ന ഫണ്ട് മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന ഉന്നതതല സമിതി തീരുമാനിച്ചിട്ടില്ല. |
| (ഡി) | ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ, തടയണ നിർമ്മാണം, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സ്ഥലങ്ങളിൽ നദികളുടെ കര സംരക്ഷണം എന്നിവയിൽ എം.എൽ.എ. മാരുടെ ശിപാർശകൾക്ക് മുന്തിയ പരിഗണന നൽകി അടിയന്തരമായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ആർ.എം. എഫിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിനായി, എം.എൽ.എ - മാരിൽ നിന്ന് ലഭിക്കുന്ന ശിപാർശകളുടെയും മറ്റ അപേക്ഷകളുടെയും അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് സമർപ്പിക്കുന്ന അടങ്കൽ, ആർ.ഡി.ഒ പരിശോധന നടത്തിയതിന് ശേഷമാണ് ജില്ലാ വിദഗ്ധ സമിതിയിൽ വെയ്ക്കുന്നത്. ജില്ലാ വിദഗ്ധ സമിതി അംഗീകാരം നല്കിയ ശേഷം ILDM ൽ പ്രവർത്തിക്കുന്ന റിവർ മാനേജ്മെന്റ് സെന്ററിന്റെയും, ലാൻഡ് റവന്യൂ കമ്മീഷണറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ, സംസ്ഥാന ഉന്നതതല സമിതി |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് അംഗീകാരം നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത്. എം. എൽ. എ മാർ നൽകുന്ന ശുപാർശകൾക്ക് പ്രത്യേക പരിഗണന നൽകി മേൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ